# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം. പി.ആർ.169/2025** **തിരുവനന്തപുരം, തീയതി: 01.08.2025**

# പത്രക്കുറിപ്പ്

## ഒന്നാം വർഷ ബിരുദ (FYUGP) പ്രവേശനം 2025
## എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.
## കോളേജ് പ്രവേശനം ആഗസ്റ്റ് 01, 04 തീയതികളിൽ.

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്കുള്ള അലോട്ട്മെന്റ് വെബ്സൈറ്റിൽ (**https://admissions.keralauniversity.ac.in/fyugp2025**) പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് കമ്മ്യൂണിറ്റി ക്വാട്ട അലോട്ട്മെന്റ് എന്ന ടാബ് ഉപയോഗിച്ച് അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ചിട്ടുള്ള പക്ഷം ഫീസ് ഒടുക്കി (നിലവിൽ യൂണിവേഴ്സിറ്റി ഫീ അടയ്ക്കാത്തവർ) അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്ത് ആയതിൽ പറഞ്ഞിരിക്കുന്ന തീയതിയിൽ അലോട്ട്മെന്റ് ലഭിച്ച കോളേജിൽ ഹാജരാകേണ്ടതാണ്. ആഗസ്റ്റ് **01, 04** തീയതികളിലാണ് കോളേജ് പ്രവേശനം. കമ്മ്യൂണിറ്റി ക്വാട്ടയിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അഡ്മിഷൻ സമയത്ത് കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്, ടി.സി എന്നിവ ഉൾപ്പെടെ എല്ലാ സർട്ടിഫിക്കറ്റുകളും ഹാജരാക്കേണ്ടതാണ്. കമ്മ്യൂണിറ്റി ക്വാട്ടയിൽ അലോട്ട്മെന്റ് ലഭിച്ച കോളേജിൽ തൃപ്തരായവർ ഹയർ ഓപ്ഷനുകൾ നിർബന്ധമായും റദ്ദാക്കേണ്ടതാണ്. കമ്മ്യൂണിറ്റി ക്വാട്ടയിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ പ്രസ്തുത കോളേജിൽ അഡ്മിഷൻ എടുത്തില്ല എങ്കിൽ അവരെ തുടർന്നുള്ള കമ്മ്യൂണിറ്റി ക്വാട്ട അലോട്ട്മെന്റിലേക്ക് പരിഗണിക്കുന്നതല്ല. രണ്ടാം ഘട്ട കമ്മ്യൂണിറ്റി ക്വാട്ട അലോട്ട്മെന്റ് ആഗസ്റ്റ് ആറാം തീയതി പബ്ലിഷ് ചെയ്യുന്നതാണ്. അഡ്മിഷൻ ലഭിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും അപാർ **(APAAR)** ഐഡി നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. ആയതിനാൽ നിലവിൽ അപാർ **(APAAR)** ഐഡി ഇല്ലാത്ത വിദ്യാർത്ഥികൾ അഡ്മിഷൻ തീയതിക്ക് മുൻപായി **www.abc.gov.in** എന്ന വെബ്സൈറ്റ് സന്ദർശിച്ച് അപാർ ( **APAAR)** ഐഡി ജനറേറ്റ് ചെയ്യേണ്ടതാണ്. അലോട്ട്മെന്റ് സംബന്ധമായ മറ്റ് വിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റ് (**https://admissions.keralauniversity.ac.in/fyugp2025**) സന്ദർശിക്കുക. സംശയനിവാരണത്തിനായി **8281883052** എന്ന മൊബൈൽ നമ്പറിൽ ബന്ധപ്പെടുക.

## കേരള സർവകലാശാല
## ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം 2025
## എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. കോളേജ് പ്രവേശനം ആഗസ്റ്റ് 04, 05 തീയതികളിൽ

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്കുള്ള അലോട്ട്മെന്റ് വെബ്സൈറ്റിൽ (**https://admissions.keralauniversity.ac.in/pg**2025) പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് കമ്മ്യൂണിറ്റി ക്വാട്ട അലോട്ട്മെന്റ് എന്ന ടാബ് ഉപയോഗിച്ച് അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ചിട്ടുള്ള പക്ഷം ഫീസ് ഒടുക്കി (നിലവിൽ യൂണിവേഴ്സിറ്റി ഫീ അടയ്ക്കാത്തവർ) അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്ത് ആയതിൽ പറഞ്ഞിരിക്കുന്ന തീയതിയിൽ അലോട്ട്മെന്റ് ലഭിച്ച കോളേജിൽ ഹാജരാകേണ്ടതാണ്. ആഗസ്റ്റ് 04, 05 തീയതികളിലാണ് കോളേജ് പ്രവേശനം. കമ്മ്യൂണിറ്റി ക്വാട്ടയിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അഡ്മിഷൻ സമയത്ത് കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്, ടി.സി എന്നിവ ഉൾപ്പെടെ എല്ലാ സർട്ടിഫിക്കറ്റുകളും ഹാജരാക്കേണ്ടതാണ്. നിലവിൽ അഡ്മിഷൻ എടുത്തവർ കമ്മ്യൂണിറ്റി ക്വാട്ടയിൽ ലഭിച്ച കോളേജിൽ തൃപ്തരല്ലെങ്കിൽ നിലവിലെ അഡ്മിഷനിൽ തന്നെ തുടരാവുന്നതാണ്. അലോട്ട്മെന്റ് സംബന്ധമായ മറ്റ് വിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റ് (**https://admissions.keralauniversity.ac.in/pg**2025) സന്ദർശിക്കുക. സംശയനിവാരണത്തിനായി 8281883052 എന്ന മൊബൈൽ നമ്പറിൽ ബന്ധപ്പെടുക.

## കേരള സർവകലാശാല
## ഒന്നാം വർഷ ബിഎഡ് പ്രവേശനം 2025 – 26
## ഒന്നാം വർഷ ബിഎഡ് കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേക്കും (ജനറൽ/എസ്.സി/ എസ്.ടി/മറ്റ് സംവരണ വിഭാഗങ്ങൾ), ഡിഫെൻസ് ക്വാട്ട, കെ.യു.സി.റ്റി.ഇ മാനേജ്മെന്റ് ക്വാട്ട സീറ്റുകളിലേക്കും സ്പോട്ട് അലോട്ട്മെന്റ് ഓഗസ്റ്റ് 05, 06 തീയതികളിൽ

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്, എയ്ഡഡ്, കെ.യു.സി.റ്റി.ഇ, സ്വാശ്രയകോളേജുകൾ എന്നിവയിലേക്കുള്ള ഒന്നാം വർഷ ബിഎഡ് കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേക്കും (ജനറൽ/എസ്.സി/എസ്.ടി/ മറ്റ്സംവരണവിഭാഗങ്ങൾ), ഡിഫെൻസ് ക്വാട്ട, കെ.യു.സി.റ്റി.ഇ മാനേജ്മെന്റ് ക്വാട്ട സീറ്റുകളിലേക്കും സ്പോട്ട് അലോട്ട്മെന്റ് ആഗസ്റ്റ് 05, 06 തീയതികളിൽ. കൊല്ലം എസ്.എൻ കോളേജിൽ വച്ച് നടത്തുന്നു. അലോട്ട്മെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു.

| Date | Subjects |
|---|---|
| 05/08/2025 | **Social Science, English, Malayalam, Geography, Tamil, Hindi** |
| 06/08/2025 | **Physical science, Natural science, Sanskrit, Arabic, Commerce, Mathematics , Defense Quota** |

രജിസ്ട്രേഷൻ സമയം രാവിലെ 8.30 മണി മുതൽ 10 മണി വരെ, സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികളും ഓൺലൈൻ അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് സഹിതം രാവിലെ 10 മണിക്ക് മുൻപായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. പ്രസ്തുത സമയം കഴിഞ്ഞു വരുന്ന വരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. അലോട്ട്മെന്റ് സെന്ററിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളൂ. ഏതെങ്കിലും കാരണത്താൽ ഹാജാരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് സാക്ഷ്യപത്രം (authorization letter) നൽകി രക്ഷകർത്താവിനെ അയക്കാവുന്നതാണ്. നിലവിൽ കോളജിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി വാങ്ങാൻ പാടുള്ളൂ. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുവാൻ വരുന്ന വിദ്യാർത്ഥികൾ അസ്സൽ മാർക്ക്

ലിസ്റ്റുകളും യോഗ്യതയും ജാതിയും (നോൺക്രീമിലെയർ, കമ്മ്യൂണിറ്റി, ഇ.ഡബ്ല്യൂ.എസ്, വരുമാനം, ഭിന്നശേഷി - more than **40%)** തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും കൈവശം കരുതണം. ഓൺലൈനിൽ അപേക്ഷ സമർപ്പിച്ച സമയത്ത് രേഖപ്പെടുത്തിയ യോഗ്യതകൾ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സ്പോട്ട് അലോട്ട്മെന്റ് സമയത്ത് ഹാജകരാക്കേണ്ടതാണ്. നിലവിൽ കോളജിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ അഡ്മിറ്റ് മെമ്മോയും സർട്ടിഫിക്കറ്റുകളുടെ പകർപ്പും ഹാജരാക്കിയാൽ മതിയാകും. ഇതര സർവകലാശാലകളിൽ നിന്നും ഡിഗ്രി/പിജി പൂർത്തിയാക്കിയ വിദ്യാർഥികൾ പ്രസ്തുത കോഴ്സുകൾ ബിഎഡ് പഠനത്തിന് കേരളസർവകലാശാല അംഗീകരിച്ചിട്ടുണ്ട് എന്ന് തെളിയിക്കുന്ന യോഗ്യതാ സർട്ടിഫിക്കറ്റ് കോളേജിൽ ഹാജരാക്കണം. അതാത് വിഭാഗങ്ങളുടെ അഭാവത്തിൽ ഒഴിവുള്ള സീറ്റുകൾ പ്രോസ്പെക്ടസിൽ വ്യക്തമാക്കിയിട്ടുള്ള മാനദണ്ഡപ്രകാരം സീറ്റ് കൺവെർഷൻ നടത്തി അലോട്ട്മെൻറ് പ്രക്രിയ പൂർത്തിയാക്കുന്നതാണ്. അഡ്മിഷൻ സംബന്ധിച്ചുള്ള അതാതു സമയങ്ങളിലെ വിവരങ്ങൾക്ക് സർവകലാശാല പത്രകുറിപ്പുകളും അഡ്മിഷൻ വെബ്സൈറ്റും (**https://admissions.keralauniversity.ac.in**) ശ്രദ്ധിക്കേണ്ടതാണ്. ഹെൽപ്പ് ലൈൻ നമ്പർ : 8281883053 ( **Whatsapp also)**, ഇ-മെയിൽ : **bedadmission@keralauniversity.ac.in**.

## കേരള സർവകലാശാല
## ഒന്നാം വർഷ എംഎഡ് പ്രവേശനം - 2025
## ജനറൽ/കമ്മ്യൂണിറ്റി ക്വാട്ട/എസ്.സി/എസ്.ടി/ഭിന്നശേഷി വിഭാഗക്കാർ/മറ്റ് സംവരണ വിഭാഗങ്ങൾക്ക് 04/08/2025- ന് സ്പോട്ട് അലോട്ട്മെന്റ്

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/ എയ്ഡഡ്/സ്വാശ്രയ കോളേജുകളിലെ ഒന്നാം വർഷ എംഎഡ് കോഴ്സിലേയ്ക്ക് 04/08/2025- **ന് ഗവ. കോളേജ് ഓഫ് ടീച്ചേർസ് എഡ്യൂക്കേഷൻ, തൈക്കാട്, തിരുവനന്തപുരം** വച്ച് സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നതാണ്. വിദ്യാർത്ഥികൾ അപേക്ഷയുടെ പ്രിന്റൗട്ട്, യോഗ്യത തെളിയിക്കുന്ന മാർക്ക് ലിസ്റ്റ്, എലിജിബിലിറ്റി സർട്ടിഫിക്കറ്റ് (for candidates of other Universities), Non Creamy Layer Certificate (for SEBC Candidates), കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് (SC, ST Candidates ) EWS സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ് (for Differently Abled Candidates), മറ്റ് യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ എന്നിവ ഹാജരാക്കേണ്ടതാണ്. അലോട്ട്മെന്റ് സെന്ററുകളിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളു. ഏതെങ്കിലും കാരണത്താൽ ഹാജരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് സാക്ഷ്യപത്രം (authorization letter) നൽകി പ്രതിനിധിയെ അയക്കാവുന്നതാണ്. നിലവിൽ സർവകലാശാല അഡ്മിഷൻ പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്തവരെ, റാങ്ക് ലിസ്റ്റിലെ വിദ്യാർത്ഥികളെ പരിഗണിച്ചതിനു ശേഷം ഒഴിവുള്ള സീറ്റുകളിലേക്ക് പരിഗണിക്കുന്നതാണ്. അഡ്മിഷൻ ലഭിക്കുന്ന വിദ്യാർഥികൾ എല്ലാ അസൽ രേഖകളുമായി 05/08/2025 & 06/08/2025 തീയതികളിൽ അതാത് കോളേജുകളിൽ അഡ്മിഷൻ എടുക്കേണ്ടതാണ്.

## സ്പോട്ട് അഡ്മിഷൻ

കേരളസർവകലാശാലയിലെ വിവിധ പഠനവകുപ്പുകളിൽ നാല് വർഷ ബിരുദ പ്രോഗ്രാമുകളിലേക്കുള്ള (2025-26 അധ്യയന വർഷം) സ്പോട്ട് അഡ്മിഷൻ അതാത് പഠനവകുപ്പുകളിൽ വച്ച് 2025 ആഗസ്റ്റ് 5 ന് നടത്തുന്നു. സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ രാവിലെ 11 മണിക്ക് ഹാജരാക്കേണ്ടതാണ്. സ്പോട്ട് അഡ്മിഷനുള്ള ഒഴുവുകൾ: സംസ്കൃതം: OPEN MERIT- 6, EZHAVA - 1, MUSLIM - 2, LC - 1,

EWS - 2, SC - 3, ST - 1, ഹിന്ദി : MUSLIM - 2, LC - 1, EWS - 1 , SC - 3, ST - 1, മലയാളം: EWS - 2, SC - 3, ST - 1, ഓപ്പൺ മെറിറ്റ് -2. വിശദവിവരങ്ങൾക്ക് യൂണിവേഴ്സിറ്റി അഡ്മിഷൻ പോർട്ടൽ സന്ദർശിക്കുക. (https://admissions.keralauniversity.ac.in/).
Email: cssfyugphelp2025@gmail.com, Phone: 0471 2308328, Mobile: 9188524612.

## പരീക്ഷാഫലം

കേരളസർവകലാശാല 2025 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എംഎ സംസ്കൃതം ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കുള്ള അപേക്ഷ അവസാന തീയതിയായ 2025 ആഗസ്റ്റ് 10 വരെ **www.slcm.keralauniversity.ac.in** മുഖേന ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

കേരളസർവകലാശാല 2025 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എംഎസ്ഡബ്ല്യൂ സോഷ്യൽ വർക്സ് (റെഗുലർ, ഇംപ്രൂവ്മെന്റ് & സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2025 ആഗസ്റ്റ് 11 വരെ **www.slcm.keralauniversity.ac.in** മുഖേന ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

കേരളസർവകലാശാല 2025 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എംഎഫ്എ (പെയിന്റിംഗ് ആന്റ് സ്കൾപ്ച്ചർ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

കേരളസർവകലാശാല 2025 മെയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എംപിഇഎസ് (M.P.E.S) (2020 സ്കീം – റെഗുലർ, സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

## പ്രോജക്ട്/പ്രാക്ടിക്കൽ/വൈവവോസി

കേരളസർവകലാശാല 2025 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എംഎ സോഷ്യോളജി പരീക്ഷയുടെ വൈവ 2025 ആഗസ്റ്റ് 06, 11 തീയതികളിൽ നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

കേരളസർവകലാശാല 2025 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എംഎ ഇസ്ലാമിക് ഹിസ്റ്ററി പരീക്ഷയുടെ വൈവ 2025 ആഗസ്റ്റ് 07 ന് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

കേരളസർവകലാശാല 2025 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എംഎ ഹിസ്റ്ററി പരീക്ഷയുടെ വൈവ 2025 ആഗസ്റ്റ് 04 മുതൽ 07 വരെയുള്ള തീയതികളിൽ നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

കേരളസർവകലാശാല 2025 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എംഎ ഹിന്ദി ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ പരീക്ഷയുടെ പ്രോജക്ട്/വൈവ 2025 ആഗസ്റ്റ് 05 ന് അതാത് കോളേജുകളിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.
(**www.keralauniversity.ac.in**).

കേരളസർവകലാശാല 2025 ജൂണിൽ വിജ്ഞാപനം ചെയ്ത നാലാം സെമസ്റ്റർ എംഎസ്സി ഹോം സയൻസ് (ഫാമിലി റിസോഴ്സ് മാനേജ്മെന്റ്, എക്സ്റ്റൻഷൻ എജ്യൂക്കേഷൻ, ഫുഡ് ആന്റ് നൂട്രിഷ്യൻ, നൂട്രിഷ്യൻ ആന്റ് ഡയറ്റ്റിക്സ് പരീക്ഷകളുടെ പ്രാക്ടിക്കൽ & വൈവ 2025 ആഗസ്റ്റ് 04 മുതൽ 08 വരെ അതാത് പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

കേരളസർവകലാശാല 2025 ജൂണിൽ വിജ്ഞാപനം ചെയ്ത നാലാം സെമസ്റ്റർ എംഎസ്സി സ്റ്റാറ്റിസ്റ്റിക്സ്, എംഎസ്സി സ്റ്റാറ്റിസ്റ്റിക്സ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ ഡാറ്റാ അനലിറ്റിക്സ് പരീക്ഷകളുടെ പ്രാക്ടിക്കൽ & വൈവ 2025 ആഗസ്റ്റ് 05 മുതൽ 13 വരെ അതാത് പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

## ടൈംടേബിൾ

കേരളസർവകലാശാല 2025 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എംഎസ്സി ബോട്ടണി, എംഎസ്സി ബോട്ടണി (ന്യൂജെനറേഷൻ) എന്നീ പരീക്ഷകളുടെ അനുബന്ധ പ്രാക്ടിക്കൽ, ഡിസർട്ടേഷൻ, കോംപ്രിഹെൻസീവ് വൈവവോസി പരീക്ഷയുടെയും ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ. (**www.keralauniversity.ac.in**).

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്ജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**/
**website:** **www.keralauniversity.ac.in**

| |
|---|
| ***University information is available on*** **9188526670, 9188526671, 9188526674, 9188526675** <br> **Whats App No. 8547330240** |